**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **18-01-2021 - ൽ മറുപടിയ്ക്ക്**

**ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് അനുയോജ്യമെന്ന് കണ്ട ചെറുവള്ളി എസ്റ്റേറ്റിന്റെ നിലവിലെ ഉടമസ്ഥാവകാശം ആർക്കാണ്; അറിയിക്കുമോ; | (എ) | അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22-ൽ റീസർവ്വെ 281,282,283,289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്നതും ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കൈവശം വച്ചിരുന്നതുമായ 2264.09 ഏക്കർ ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ശ്രീ. വി.വേണുഗോപാൽ എന്ന കക്ഷിയിൽ നിന്നും എരുമേലി സബ് രജിസ്ട്രാർ ഓഫീസിലെ 02.08.2005 ലെ 2329/2005 നമ്പർ കരാർ പ്രകാരം ഗോസപ്പൽ ഫോർ ഏഷ്യ (ചാരിറ്റബിൾ ട്രസ്റ്റ്) അനധികൃതമായി വാങ്ങുകയുണ്ടായി. ഹാരിസൺ മലയാളം ലിമിറ്റഡിനോ അവരുടെ മുൻഗാമികൾക്കോ ഉടമസ്ഥാവകാശമില്ലാത്തതും സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതുമായ പ്രസ്തുത ഭൂമിയും സമാനമായ മറ്റ് തോട്ട ഭൂമിയും സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പ്രസ്തുത ഭൂമി തിരികെ സർക്കാരിലേക്ക് എടുത്തിട്ടുള്ളതാണ്. ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും ബഹു ഹൈക്കോടതി WP(C)33122/14ലെ 11/04/2018ലെ വിധിന്യായ പ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ അധികാരമില്ലെന്നും ഭൂമിയിന്മേൽ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ്സ് ഫയൽ ചെയ്യാവുന്നതാണെന്നും വിധിയ്ക്കുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ SLP(C)24028, 35/18 ഫയൽ ചെയ്തെങ്കിലും ബഹു. സുപ്രീംകോടതി 17.09.2018 ലെ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം SLP തള്ളുകയുണ്ടായി. പ്രസ്തുത വിധികളുടെ കൂടി അടിസ്ഥാനത്തിൽ G.O(MS)No.172/19/REV തീയതി 06.06.2019 പ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡും സമാന കമ്പനികളും കൈവശം വച്ചിരിക്കുന്നതും അവർ കൈമാറ്റം ചെയ്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതനുസരിച്ച് ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയിലെ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് പാലാ സബ് കോടതിയിൽ O.S No.72/2019 I.A No.7/2020എന്നിവ പ്രകാരം സിവിൽ കേസ്സ് ഫയൽ ചെയ്തിട്ടുള്ളതാണ്. |
| (ബി) | നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ച് എയർപോർട്ടിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇപ്രകാരം ഏറ്റെടുക്കുന്നതെന്നും അതിന്റെ നഷ്ടപരിഹാരമായി എന്ത് തുക കെട്ടിവയ്ക്കുവാനുമാണ് തീരുമാനിച്ചത്; | (ബി) | ശബരിമല ഗ്രീൻ ഫീൽഡ് എയർ പോർട്ടിനു വേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 18.06.2020ലെ GO (MS) No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിനാണ് തിരുമാനിച്ചിരുക്കുന്നത്. |
| (സി) | ഈ ഭൂമി പാട്ടവ്യവസ്ഥ ലംഘിച്ചുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിന് വിൽപ്പന നടത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് പകരം നഷ്ടപരിഹാരം കെട്ടിവച്ച് ഏറ്റെടുക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; | (ഡി) | തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് ശബരിമല ശ്രീ. ധർമ്മശാസ്താ ക്ഷേത്രം. പ്രതിവർഷം 3 കോടിയിലധികം തീർത്ഥാടകർ ശബരിമല ക്ഷേത്രം സന്ദർശിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല ഉത്തരേന്ത്യയിൽ നിന്നും തീർത്ഥാടകരും ഭക്തജനങ്ങളും കൂടാതെ ധാരാളം പ്രവാസി ഇന്ത്യാക്കാരും തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്നുണ്ട്. ശബരിമലയിൽ വരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനും, സീസൺ സമയത്തെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിനും, മദ്ധ്യ കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിത |

| | | | |
|---|---|---|---|
| | | | മാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യ മായത് കോട്ടയം ജില്ലയിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22- ൽ റീസർവ്വെ 281,282,283,289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയാണെന്ന് കണ്ടെത്തുകയുണ്ടായി. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണയിലാണ് (O.S No.72/2019, I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18.06.2020ലെ GO (MS) No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ഇ) | നഷ്ടപരിഹാരം കെട്ടിവച്ച് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഗോസ്പൽ ഫോർ ഏഷ്യ കോടതിയെ സമീപിച്ചിട്ടുണ്ടോ; കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. ശബരിമല ഗ്രീൻ ഫീൽഡ് എയർ പോർട്ടിനു വേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനെതിരെ അയന ചാരിറ്റബിൾ സൊസൈറ്റി ബഹു ഹൈ കോടതിയിൽ WP(C) 13332/2020 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്നും, ഏറ്റെടുക്കുന്ന അവസരത്തിൽ ചമയങ്ങളുടെ വില മാത്രമേ നൽകുവെന്നും സർക്കാർ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ